ശ്രീ. കെ. എം. ജോർജ്ജ് : ഗവണ്മെൻറുമായി അഭിപ്രായവ്യത്യാസം കൊണ്ടാണ് ശ്രീ. ജാൺമ്രത്തായി ആ കമ്പനിയിലെ ചെയർമാൻസ്ഥാനവും, ഡയറക്ടർ സ്ഥാനവും രാജിവച്ചിട്ടുള്ളതെന്നു് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതായി കേട്ടു. അതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അദ്ദേഹത്തിൻെറ രാജിക്കത്തിൽ രാജി വയ്ക്കുവാനുണ്ടായ കാരണത്തെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹം വല്ല പ്രസ്താവനയും ചെയ്തിട്ടുണ്ടെങ്കിൽ അതിനു ഗവണ്മെൻറു യാതൊരു ഉത്തരവാദിത്വവും വഹിക്കുന്നില്ല.

ജാഥാ പ്രകടനങ്ങളിൽ പങ്കുകൊണ്ട ലോറി ഡ്രൈവർമാരുടേയും മറ്റും പേരിലുള്ള നടപടികൾ

*1720 [11] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ജാഥയിൽ ലോറികൾ പങ്കെടുക്കുന്നതിനെ നിരോധിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വക്കീല നിയോജകമണ്ഡലത്തിൽ കല്ലമ്പലത്തുവച്ചു് 9-5-1959-ൽ നടന്ന കാൺഗ്രസ്സു് പ്രചരണയോഗത്തോടനുബന്ധിച്ചുള്ള ജാഥാ പ്രകടനങ്ങളിൽ പങ്കുകൊണ്ട ലോറികളുടെ ഡ്രൈവർമാരുടേയും ഉടമസ്ഥന്മാരുടേയും പേരിൽ നടപടികൾ എടുക്കുവാൻ കാരണമെന്തു് ;

(സി) കമ്മ്യൂണിസ്റ്റുകാരുടെ പ്രകടനങ്ങൾക്കു ലോറി ഉപയോഗിക്കുന്നതിനു് ഇന്നും യാതൊരു നിരോധനവും ഇല്ലെന്നുള്ള റിപ്പോർട്ടുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല. പക്ഷേ, ട്രാൻസ്പോർട്ട് അതോറിട്ടിയുടെ പ്രത്യേക അനുമതിക്കുടാതെ ആറിലധികം ആളുകളെ സാമാനവണ്ടികളിൽ എടുക്കുന്നതു് മോട്ടോർ വെഹിക്കിൾസ് ചട്ടപ്രകാരം കുറ്റമാണു്.

(ബി) മോട്ടോർ വെഹിക്കിൾസ് ചട്ടം ലംഘിച്ചതുകൊണ്ടാവാം. കാര്യം അന്വേഷണത്തിലിരിക്കുകയാണു്.

(സി) ഇല്ല. ചട്ടങ്ങൾ പാലിക്കുന്നതിനു് കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരും തമ്മിൽ യാതൊരു വിവേചനവും അനുവദിച്ചിട്ടില്ല. ചട്ടങ്ങൾ ആരു ലംഘിച്ചാലും നടപടികൾ എടുക്കുന്നതാണു്.

ശ്രീ. കെ. സി. ഏബ്രഹാം : ജാഥാ പ്രകടനം നടത്തുന്നതിനായി, ആളുകളെ കയറ്റിക്കൊണ്ടുപോയ ലോറിഡ്രൈവറന്മാരുടേയും മറ്റും പേരിൽ ഒരു നടപടിയും എടുത്തിട്ടില്ല എന്നാണോ പറയുന്നതു് ?

ശ്രീ. സി. അച്യുതമേനോൻ : ഒരു ലോറിയിൽ ആറുപേരിൽ കൂടുതൽ ആളുകളെ കൊണ്ടുപോകുവാൻ പാടില്ലെന്നാണു് നിയമം. കൂടുതൽ കൊണ്ടുപോകണമെന്നുണ്ടെങ്കിൽ അതിലേക്ക പ്രത്യേകം പെർമിറു വാങ്ങിച്ചിരിക്കണം. അടുത്ത കാലംവരെ എല്ലാ പാർട്ടിയിലുംപെട്ട ആളുകളെ കൊണ്ടുപോകുന്നതിനു പെർമിറു കൊടുക്കാറുണ്ടായിരുന്നു. എന്നാൽ അതു കുറെ കുഴപ്പങ്ങൾക്കിടയാകുമെന്നു കണ്ടതിനാൽ അങ്ങനെ പെർമിറുകൊടുക്കുവാൻ പാടില്ലെന്നു ട്രാൻസ്പോർട്ട് അതോറിട്ടിക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. എ. റഹിം : എത്രകാലമായി അങ്ങനെ നിർദ്ദേശം കൊടുത്തിട്ടു് ?

ശ്രീ. സി. അച്യുതമേനോൻ : അടുത്തകാലത്താണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ : ഇങ്ങനെ പെർമിറ്റ് കൊടുക്കാതെ ഓടിച്ചതിനു് ഈ ഛോദ്യത്തിൽ പറയുന്ന കേസ്സല്ലാതെ വേറെ ഏതെങ്കിലും കേസ്സു് ഉണ്ടായിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനു നോട്ടീസു വേണം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഡ്രൈവ്വേഴ്സും, ക്ലീനേഴ്സും ഉൾപ്പെടെ അഞ്ചുപേരിൽ കൂടുതൽ ആളുകളെ കയറ്റിക്കൊണ്ടുപോകുവാൻ മലബാർ ഭാഗത്തു് പെർമിറ്റ് കൊടുക്കുവാൻ പാടില്ലെന്നു ഇപ്പോഴും നിയമമുള്ളതായി അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനെസംബന്ധിച്ചുള്ള ചട്ടം ഞാൻ നിഷ്കർഷമായി പരിശോധിച്ചു നോക്കിയിട്ടില്ല.

ശ്രീ. മൊയ്തീൻകുട്ടി ഹാജി : തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു് ഡ്രൈവറേയും, ക്ലീനറേയും കൂടാതെ അഞ്ചുപേരെ കൊണ്ടുപോകുവാൻ പെർമിറ്റ് കൊടുക്കുമ്പോൾ മലബാർ ഭാഗത്തേക്കു അവർ ഉൾപ്പെടെ അഞ്ചു പേരെ കൊണ്ടുപോകുവാൻ മാത്രമാണു് പെർമിറ്റ് കൊടുക്കുന്നതെന്നു് അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെൻറിനറിവുള്ളതു് ഇവിടെ പറഞ്ഞുകഴിഞ്ഞു. ഏതെങ്കിലും വ്യത്യസ്തമായ നയം മലബാർ ഭാഗത്തു് എടുക്കുന്നുണ്ടോ എന്നു പരിശോധിക്കാം.

ശ്രീ. തോമസ് ജാൺ : കൊല്ലത്തു നടന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാസമ്മേളനത്തിൽ ലോറിയിൽ ആളുകളെ കയറ്റിക്കൊണ്ടുവരുന്ന മുമതല ഏറ്റെടുത്തതു് അവിടത്തെ പി. ഡബ്ലിയു. ഡി. ക്കാരാണെന്നു കേൾക്കുന്നതിൽ വല്ല പരമാർത്ഥവുമുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ആ വസ്തുതയെ ഞാൻ നിഷേധിക്കുന്നു.

അമ്പലൂർ അളകപ്പാ ടെക്സ്റ്റയിൽസ്.

* 1721. [12] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ഛോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലൂർ അളകപ്പാ ടെക്സ്റ്റയിൽസിനു ഗവണ്മെൻറു് ഏതെങ്കിലും തരത്തിലുള്ള കടം അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി)ടി മില്ലിലെ കണക്കുകളെസംബന്ധിച്ചു ചില വ്യത്യാസങ്ങളുണ്ടെന്നും അവിടെയുള്ള ചില യന്ത്രോപകരണങ്ങൾ സ്ഥലംമാറ്റുന്നുണ്ടെന്നും ഉള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു എന്തു് നടപടികൾ ഗവണ്മെൻറു സ്വീകരിച്ചു ;

(ഡി) ഈ മില്ലിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഉണ്ടു്. 11,75,000 രൂപ ഡിബഞ്ചർ ലോണും, 6 ലക്ഷം രൂപ സാധാരണ ലോണും.

(ബി) മില്ലിലെ കണക്കുകളെപ്പറ്റി ചില പരാതികൾ കിട്ടിയിട്ടുണ്ടു്. യന്ത്രോപകരണങ്ങൾ മാറ്റുന്നതിനെപ്പറ്റി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കണക്കുകളിലുള്ള പരാതികളെപ്പറ്റി ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറു് അന്വേഷണം നടത്തിവരികയാണു്.

(ഡി) അഞ്ഞൂറോളം തൊഴിലാളികൾ.

LIBRARY ARCHIVES Kerala Legislative Assembly